പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2203 | 4.11.2019 ൽ മറുപടിയ്ക്ക്

## **സൈക്കോളജിക്കൽ അസസ്സ്മെന്റ് സർട്ടിഫിക്കറ്റ്**

ചോദ്യം | മറുപടി

ശ്രീ.അനൂപ് ജേക്കബ് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് പഠന വൈകല്യമുള്ള കുട്ടികൾക്ക് സി.ബി.എസ്.ഇ. സ്കൂളുകളിൽ പരീക്ഷ എഴുതുന്നതിന് ഒരു സഹായിയെ ലഭിക്കുന്നതിനായുള്ള സൈക്കോളജിക്കൽ അസ്സസ്സ്മെന്റ് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ എല്ലാ ജില്ലകളിലും ഏകീകൃത അപേക്ഷാ മാതൃക നടപ്പിലാക്കുകയും പരീക്ഷ ആരംഭിക്കുന്നതിന് മുൻപുതന്നെ അപേക്ഷകൾ സ്വീകരിച്ച് പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ? | (എ) & ബി)<br>Rights of Persons with Disabilities Act 2016 അനുസരിച്ചാണ് നിലവിൽ പഠന വൈകല്യ സർട്ടിഫിക്കേഷൻ ബോർഡുകൾ നടന്നുകൊണ്ടിരിക്കേണ്ടതും സർട്ടിഫിക്കറ്റുകൾ നൽകി വരുന്നതും. Rights of Persons with Disabilities Act 2016 പ്രകാരം ഏകീകൃത മാതൃക ഉണ്ട്. സംസ്ഥാനത്ത് പതിനാല് ജില്ലകളിലും പഠന വൈകല്യ ബോർഡുകൾ നടക്കുന്നതിലും സർട്ടിഫിക്കറ്റ് നൽകുന്നതിനും കാലതാമസം നേരിടുന്നില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ